# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/199/2017 2017 സെപ്റ്റംബർ 23

## പത്രക്കുറിപ്പ്

**പുതുക്കിയ പരീക്ഷാ തീയതി**

ഒക്ടോബർ 5ന് നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (റഗുലർ/റീ അപ്പിയറൻസ്/സപ്ലിമെന്ററി - 2013 മുതൽ അഡ്മിഷൻ) പരീക്ഷ ഒക്ടോബർ 24നും ഒക്ടോബർ 6ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (റഗുലർ/റീഅപ്പിയറൻസ്/സപ്ലിമെന്ററി - 2013 മുതൽ അഡ്മിഷൻ) കോമൺ കോഴ്സ് (ഇംഗ്ലീഷ്) പരീക്ഷ 30-ാം തീയതിയിലും നടത്തുന്നതാണ്. ഈ സെമസ്റ്ററുകളിലെ മറ്റ് പരീക്ഷകൾ മുൻ നിശ്ചയപ്രകാരം നടക്കും.

**പ്രാക്ടിക്കൽ**

2017 ആഗസ്റ്റിൽ നടത്തിയ ആറാം സെമസ്റ്റർ ബി.വോക് ഫുഡ് പ്രോസസിംഗ് ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്തംബർ 25ന് പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ആഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി. എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (റഗുലർ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

2017 മാർച്ചിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജ്, കാണക്കാരി സി.എസ്.ഐ. കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ്, തൊടുപുഴ അൽ അസ്ഹർ ലോ കോളേജ് എന്നീ കേന്ദ്രങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.എം. ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിന് ഒക്ടോബർ 13 വരെയും സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 21 വരെയും അപേക്ഷിക്കാം.

2017 മാർച്ചിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജ്, തൊടുപുഴ അൽ അസ്ഹർ ലോകോളേജ് എന്നീ കേന്ദ്രങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഒക്ടോബർ 9 വരെ അപേക്ഷിക്കാം. എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ഹസ്ന എൻ.സി., ജിൻസി. കെ., അബ്ദുൾ ഹസ്സൻ ടി. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

**പുനർമൂല്യനിർണ്ണയ അപേക്ഷ**

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. അനലിറ്റിക്കൽ കെമിസ്ട്രി പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 6 വരെ സ്വീകരിക്കും.

**സിൻഡിക്കേറ്റ് യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം ഒക്ടോബർ 7ന് രാവിലെ 10.30ന് സർവ്വകലാശാലാ കാമ്പസിലെ സിൻഡിക്കേറ്റ് ഹാളിൽവച്ച് നടത്തുന്നതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**